**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2340** **09-02-2023 - ൽ മറുപടിയ്ക്ക്**

**എക്സൈസ് റേഞ്ച് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എക്സൈസ് റേഞ്ച് ഓഫീസുകൾ ഇല്ലാത്ത താലൂക്കുകളുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്ക്. |
| (ബി) | എക്സൈസ് റേഞ്ച് ഓഫീസുകൾ ഇല്ലാത്ത താലൂക്കുകളിൽ ആയത് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | സർക്കാരിന്റെ പരിഗണനയിലുണ്ട്. അധികാര അതിർത്തി വലുതായതും താലൂക്കുകളിൽ റേഞ്ച് ഓഫീസുകൾ രൂപീകരിക്കാത്തതും ഉൾപ്പെടെയുള്ള തിരുവനന്തപുരം ജില്ലയിലെ നേമം , വഞ്ചിയൂർ, കൊല്ലം ജില്ലയിൽ കുണ്ടറ, പത്തനംതിട്ട ജില്ലയിൽ പമ്പ, ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ, കോട്ടയം ജില്ലയിൽ നെടുംകുന്നം, എറണാകുളം ജില്ലയിലെ കാക്കനാട്, ഇടുക്കി ജില്ലയിലെ രാജാക്കാട്, വണ്ടൻമേട്, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംമ്പാറ, തൃശ്ശൂർ ജില്ലയിലെ പീച്ചി, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, കോഴിക്കോട് ജില്ലയിലെ കാവിലുംപാറ, വയനാട് ജില്ലയിലെ പുൽപ്പള്ളി, കണ്ണൂർ ജില്ലയിലെ ചെറുപുഴ, കാസർഗോഡ് ജില്ലയിലെ വെള്ളിരിക്കുണ്ട് എന്നീ പുതിയ റേഞ്ച് ഓഫീസുകൾ ഒന്നാം ഘട്ടമായി രൂപീകരിക്കുന്നതുൾപ്പെടെ, മൂന്ന് ഘട്ടങ്ങളിലായി ആകെ 37 പുതിയ റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതുൾപ്പെടെയുള്ള എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ പരിശോധിക്കുകയും, എക്സൈസ് വകുപ്പിന് കീഴിൽ നിലവിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകളെ വിഭജിച്ച് പുതിയ 37 റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്ന പ്രൊപോസൽ പരിഗണിക്കാൻ സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ല എന്നും, എക്സൈസ് കമ്മീഷണറുടെ ശുപാർശയിൽ ഒന്നാം ഘട്ടമായി പരിഗണിക്കേണ്ടുന്ന പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം പിന്നീട് പരിഗണിക്കാവുന്നതാണെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ